**ബാർ കോഴക്കേസ്**

174 (1917) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴക്കേസ് അന്വേഷിച്ച എസ്.പി.ആർ. സുകേശൻ ബാർ ഉടമകളുമായി ചേർന്ന് സർക്കാരിനെതിരെ ഗൂഢാലോചന നടത്തിയെന്നും ഇത് ക്രൈംബ്രാഞ്ച് അന്വേഷിക്കണമെന്നും വിജിലൻസ് ഡയറക്ടർ ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എസ്.പി. ക്കെതിരെ ഏതെല്ലാം രീതിയിലുള്ള അന്വേഷണമാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ ശ്രീ. ബിജു രമേശ് ഹാജരാക്കിയ സി.ഡി. യിൽ ശ്രീ. ബിജു രമേശും VC6/14/SIU-1 കേസ്സിലെ അന്വേഷണ ഉദ്യോഗസ്ഥനായ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ എസ്.ഐ.യു. I യൂണിറ്റിലെ പോലീസ് സൂപ്രണ്ട് ശ്രീ. ആർ. സുകേശനുമായുള്ള സംഭാഷണ ശകലങ്ങളിൽ നിന്നും ഗൗരവമേറിയ വിവരങ്ങൾ വെളിപ്പെടുന്നുവെന്നും ആയതിനാൽ ഈ വിഷയത്തിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ പങ്ക് സംബന്ധിച്ച് ക്രൈംബ്രാഞ്ച് മുഖേന അന്വേഷണം വേണമെന്ന് വിജിലൻസ് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(സി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ശിപാർശയിന്മേൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്കും ക്രൈം എ.ഡി.ജി.പി.ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

**സൈബർ ഡോം പദ്ധതി**

175 (1918) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ ഡോം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള പോലീസിന് സൈബർ കുറ്റകൃത്യങ്ങൾ ഫലപ്രദമായി കണ്ടുപിടിക്കുന്നതിനും തടയുന്നതിനും നിയന്ത്രിക്കുന്നതിനും സൈബർ സാമർത്ഥ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ടി പബ്ലിക്-പ്രൈവറ്റ് പാർട്ട്നർഷിപ്പ് മോഡലിൽ കേരള പോലീസ് ആരംഭിക്കുന്ന ടെക്നോളജി ആന്റ് ഡെവലപ്മെന്റ് സെന്റർ ആണ് സൈബർ ഡോം. ഇത് സൈബർ സുരക്ഷയ്ക്കും ഗവേഷണത്തിനും നവീകരണത്തിനുമായുള്ള രാജ്യത്തെ പ്രഥമവും നൂതനവുമായ കേന്ദ്രമായിരിക്കും. പോലീസിലെ സൈബർ കുറ്റാന്വേഷണത്തിലും സൈബർ സുരക്ഷയിലും സഹായിക്കുന്ന സൈബർ വിദഗ്ധരുടെയും സാങ്കേതിക വിദഗ്ധരുടെയും എത്തിക്കൽ ഹാക്കർമാരുടെയും ഒരു ഓൺലൈൻ ഓഫീസായിരിക്കും 'സൈബർ ഡോം'. ഇന്റർനെറ്റ് നിരീക്ഷിക്കുന്നതിന് മാത്രമായി ഒരു യൂണിറ്റ് ടി കേന്ദ്രത്തിൽ ഉണ്ടാകും. ഭീകര വിരുദ്ധ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകി പ്രസ്തുത സംഘം ഇന്റർനെറ്റ് നിരീക്ഷിക്കും. വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലിന് കുറ്റാന്വേഷണത്തിനും മറ്റും വിദഗ്ധ ഉപദേശവും പരിഹാരവും നൽകുന്ന പ്രത്യേക ഏജൻസിയായി ടി കേന്ദ്രം പ്രവർത്തിക്കും. വിവിധ ജില്ലകളിലെ സൈബർ പോലീസ് സ്റ്റേഷനും സൈബർ സെല്ലുമായി ചേർന്ന് ഇത് പ്രവർത്തിക്കും.

(സി) സൈബർ ഡോം പ്രവർത്തനം ആരംഭിക്കുന്നതിന് 22.08.2014-ലെ സ.ഉ (എംഎസ്.)167/2014/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**പോലീസ് വകുപ്പിന്റെ നവീകരണം**

176 (1919) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഓരോ വർഷവും പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ഉപയോഗിച്ച് ഓരോ വർഷവും നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly